(9) കൊടുവായൂർ-പുതുനഗരം ശുദ്ധജലവിതരണ പദ്ധതി

ശ്രീ. കെ. എ. ചന്ദ്രൻ: സർ, കൊടുവായൂർ-പുതുനഗരം ശുദ്ധജലവിതരണ പദ്ധതി ഈ സാമ്പത്തികവർഷംതന്നെ കമ്മീഷൻ ചെയ്യണമെന്ന അടിയന്തിരാവശ്യമാണ് ഈ സഭയിൽ ഉന്നയിക്കുന്നത്. 1997-ൽ അനുമതി ലഭിച്ച് പ്രവൃത്തി ആരംഭിച്ചതാണ്. ആറുകോടി രൂപയാണ് ഇതിനു മതിപ്പുചെലവ് വച്ചിരിക്കുന്നത്. ഏതാണ്ട് എഴുപതിനായിരം ആളുകൾക്ക് കുടിവെള്ളം കൊടുക്കാനുള്ള ഒരു പദ്ധതിയാണിത്. ഈ പദ്ധതി കുറെ പുരോഗമിച്ചിട്ടുണ്ടെങ്കിലും അടിയന്തിരമായി Raw Water Pump Set-കൾ സഥാപിക്കുക, വാട്ടർ പമ്പുകൾ സ്ഥാപിക്കുക, പമ്പിംഗ് മെഷീനുകൾ മുതൽ പൈപ്പുലൈൻ വരെ സ്ഥാപിക്കുക, വിതരണശൃംഖല സ്ഥാപിക്കുക മുതലായ പ്രവൃത്തികൾ ഇനിയും വേണ്ടതുപോലെ നടന്നിട്ടില്ല. അടിയന്തിരമായി, കഴിയും വേഗം കമ്മീഷൻ ചെയ്ത്, കോടികൾ മുടക്കിയ ശുദ്ധജലവിതരണപദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രയോജനം ജനങ്ങൾക്ക് ലഭ്യമാക്കാൻ, ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി പ്രത്യേകം താൽപ്പര്യമെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

12 Noon]

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):* സർ, ശ്രീ. കെ. എ. ചന്ദ്രൻ ഇവിടെ സൂചിപ്പിച്ചത് ആറുകോടി രൂപ ചെലവുവരുന്ന ഒരു ബൃഹത്തായ ജലവിതരണ പദ്ധതിയെക്കുറിച്ചാണ്. 3.73 കോടി രൂപയ്ക്കുള്ള പണികൾ പൂർത്തിയായിട്ടുണ്ട്. ഒൻപതു പണികളാണ് ഇപ്പോൾ പൂർത്തിയായിട്ടുള്ളത്. Raw Water Pumping Main, Treatment Plant, തത്തമംഗലത്ത് 2.10 ലക്ഷം ലിറ്റർ ഉള്ള Sump-cum-Pump house, പുതുനഗരത്തെ 2.10 ലിറ്റർ ഉള്ള Sump cum Pump house, 6.95 കി.ലിറ്റർ Clear water pumping main, പുതുനഗരം മേഖല-1, പുതുനഗരം മേഖല-2, കൊടുവായൂർ മേഖല-1, കൊടുവായൂർ മേഖല-2 ഈ പ്രദേശത്തെ ഉന്നതതല ഓവർ ഹെഡ് ടാങ്കിന്റെ പണി ഇതൊക്കെയാണ് അവശേഷിക്കുന്ന ചില പണികൾ. 45 എച്ച്. പി., 25 എച്ച്.പി., ശേഷിയുള്ള Raw Water Pump - കൾ രണ്ടെണ്ണം വീതം വാങ്ങിക്കേണ്ടതുണ്ട്. പ്ളാന്റിൽനിന്നും പുതുനഗരം Sump വരെയുള്ള ക്ളിയർ വാട്ടർ പമ്പിംഗിന്റെ ജോലികൾ നിർവ്വഹിക്കുന്നതിന് മൂന്നു ബാച്ചുകളിലായി എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. ആദ്യത്തെ റീച്ചിന്റെ പണി ലഭ്യമായ പൈപ്പ് ഉപയോഗിച്ച് ചെയ്തിട്ടുണ്ട്. രണ്ടും മൂന്നും റീച്ചുകളുടെ പണികൾക്കുള്ള ക്രമീകരണങ്ങൾ നടന്നുവരികയാണ്. അതു പൂർത്തിയാക്കി, നിലവിലുള്ള പൈപ്പു ലൈനുകളുമായി ബന്ധിപ്പിച്ച്, ഈ പദ്ധതി, ഈ സാമ്പത്തികവർഷം തന്നെ ഭാഗികമായി കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly